## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 594 | 28.09.2011 - ൽ മറുപടിക്ക് |

### 108 എന്ന പേരിലുള്ള ആംബുലൻസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കുടുംബക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് 108 എന്ന പേരിലുള്ള ആംബുലൻസുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;<br><br>(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) യും (ബി) യും ഉണ്ട്. സംസ്ഥാനത്ത് കേരള എമർജൻസി മെഡിക്കൽ സർവ്വീസ് പ്രോജക്ട് (KEMP) നടപ്പിലാക്കുന്നതിന്റെ ഭാഗമായി 25, "108" ആംബുലൻസുകൾ പൈലറ്റ് പ്രോജക്ട് ആയി തിരുവനന്തപുരം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. NRHM ആണ് പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് മോഡലിലുള്ള KEMP നടത്തുന്നത്. 'ചികിത്സ' എന്ന സ്വകാര്യ സ്ഥാപനമാണ് ഇതിന്റെ നടത്തിപ്പ് ടെണ്ടർ വഴി നേടിയത്. ടി സ്ഥാപനം, അവർ സേവനം കൊടുക്കുന്ന രോഗികളുടെ വിവരം എല്ലാ ദിവസവും NRHM ന് സമർപ്പിക്കുകയും NRHM അത് അവലോകനം ചെയ്യുകയും ചെയ്തു വരുന്നു. ആലപ്പുഴ ജില്ലയ്ക്കായി വാങ്ങിയ 25 ആംബുലൻസുകൾ സർക്കാർ ഉത്തരവ് (സാധാ) നം. 882/2011/ആ.കു.വ. തീയതി 01.03.2011 പ്രകാരം സംസ്ഥാനത്തെ വിവിധ ആശുപത്രികൾക്കായി താൽക്കാലികമായി വിന്യസിക്കുകയും ചെയ്തു. എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഇടുക്കി ജില്ലയിലെയും വയനാട് ജില്ലയിലെയും ആംബുലൻസുകളുടെ പ്രവർത്തനം ഭാഗികമാണ്. |
| (സി) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ആകെ എത്ര ആംബുലൻസുകളാണ് വാങ്ങിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഈ പ്രോജക്ടിനുവേണ്ടി ആകെ 50 (അൻപത്) ആംബുലൻസുകളാണ് വാങ്ങിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ഒരു ആംബുലൻസിന് എത്രയാണ് വിലയെന്ന് വെളിപ്പെടുത്തുമോ; | (ഡി) | ഒരു ആംബുലൻസ് വാങ്ങി യന്ത്ര സാമഗ്രികൾ സജ്ജമാക്കുന്നതിന് ഉൾപ്പെടെ 33.8[illegible] ലക്ഷം രൂപയാണ് ചെലവായത്. |
| (ഇ) | വാങ്ങിയ ആംബുലൻസുകൾ മുഴുവൻ ഇതിനകം ഉപയോഗത്തിനായി വിതരണം ചെയ്തിട്ടുണ്ടോ; | (ഇ) | ഉണ്ട്. |
| (എഫ്) | ലക്ഷക്കണക്കിന് രൂപ വിലയുള്ള പുതിയ വാഹനങ്ങൾ മാസങ്ങളോളം ഉപയോഗിക്കാതെ കിടക്കാൻ ഇടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ? | (എഫ്) | ഉണ്ട്. ആലപ്പുഴ ജില്ലയിൽ KEMP നടപ്പിലാക്കുന്നതിനുള്ള ഓപ്പറേറ്റിംഗ് ഏജൻസിയെ നിശ്ചയിക്കുവാൻ കഴിയാതിരുന്നതിനാലാണ് ഈ ഒരു സാഹചര്യം സംജാതമായത്. |

സെക്ഷൻ ആഫീസർ